## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5891 04.11.2016 – ൽ മറുപടിക്ക്**

# ചെറുകാരത്ത് പാലം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ കാരേറ്റ്-നഗരൂർ റോഡിൽ ചെറുകാരത്ത് പാലം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) തിരുവനന്തപുരം ജില്ലയിൽ കാരേറ്റ്-നഗരൂർ റോഡിൽ ചെറുകാരം പാലം പുനർനിർമ്മാണത്തിലേയ്ക്കായി സർവ്വേ നടപടികളും ഇൻവെസ്റ്റിഗേഷൻ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എന്തു തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | (ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ജനറൽ ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കിയാൽ മാത്രമേ എത്ര രൂപ ചെലവ് വരുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ